**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4840** **01-11-2021 - ൽ മറുപടിയ്ക്ക്**

**മലനാട് റിവർ ക്രൂയിസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലനാട് റിവർ ക്രൂയിസ് പദ്ധതിയുടെ പ്രവൃത്തി പുരോഗതി അറിയിക്കാമോ; | (എ) | മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ 14 ബോട്ട് ടെർമിനൽ/ജെട്ടി പദ്ധതികൾക്കായി ആകെ 40.82 കോടി രൂപയുടെ ഭരണാനുമതി നൽകിരുന്നു. പദ്ധതി നിർവഹണ ഏജൻസിയായി ഉൾനാടൻ ജലഗതാഗത വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രവൃത്തി പുരോഗതി താഴെ പറയും പ്രകാരമാണ്. 1. പഴയങ്ങാടി ബോട്ട് ടെർമിനൽ -ടെർമിനൽ പ്രവൃത്തിപൂർത്തീകരിച്ചു. 2. പറശ്ശനിക്കടവ് ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു. 3. ധർമ്മടം ബോട്ട് ടെർമിനൽ - 85% പ്രവൃത്തി പൂർത്തീകരിച്ചു 4. ചേരിക്കൽ ബോട്ട് ടെർമിനൽ - 85% പ്രവൃത്തി പൂർത്തീകരിച്ചു 5. പാറപ്രം ബോട്ട് ടെർമിനൽ - 85% പ്രവൃത്തി പൂർത്തീകരിച്ചു 6. മമ്പറം ബോട്ട് ജെട്ടി - 70% പ്രവൃത്തി പൂർത്തീകരിച്ചു 7. പെരിങ്ങത്തൂർ ബോട്ട് ജെട്ടി - 86% പ്രവൃത്തി പൂർത്തീകരിച്ചു 8. മോന്താൽ ബോട്ട് ജെട്ടി - പ്രവൃത്തി പൂർത്തീകരിച്ചു 9. കരിയാട് ബോട്ട് ടെർമിനൽ - 66% പ്രവൃത്തി പൂർത്തീകരിച്ചു 10. ന്യൂ മാഹി ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു 11. പാത്തിക്കൽ ബോട്ട് ജെട്ടി - 78% പ്രവൃത്തി പൂർത്തീകരിച്ചു 12. കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ - 90% പ്രവൃത്തി പൂർത്തീകരിച്ചു 13. പുന്നക്കടവ് ബോട്ട് ജെട്ടി - 90% പ്രവൃത്തി പൂർത്തീകരിച്ചു 14. കവ്വായി കാലികടപ്പുറം ബോട്ട് ടെർമിനൽ - 86% പ്രവൃത്തി പൂർത്തീകരിച്ചു. കാസർഗോഡ്ജില്ല 15. മാവിലാക്കടപ്പുറം ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു. 16. മാടക്കൽ ബോട്ട് ടെർമിനൽ- 86% പ്രവൃത്തികൾ പൂർത്തീകരിച്ചു. 17. കോട്ടപ്പുറം ബോട്ട് ടെർമിനൽ - 75% പ്രവൃത്തി പൂർത്തീകരിച്ചു. ഇതിനു പുറമെ 6 ബോട്ടുകൾ വാങ്ങുന്നതിനായി (6 സീറ്റ് 2 എണ്ണം, 10 സീറ്റ് 2 എണ്ണം, 25 സീറ്റ് 2 എണ്ണം) 4.67 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന |

ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനാണ് ഇതിന്റെ നിർമ്മാണ ചുമതല. ഇതിനകം 6 സീറ്റുള്ള 2 ബോട്ടുകൾ നൽകി കഴിഞ്ഞു. ബാക്കി ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.സംസ്ഥാന പദ്ധതികൾക്ക് പുറമെ കണ്ണൂർ ജില്ലയിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും സ്വദേശ് ദർശൻ സ്കീമിൽ ഉൾപെടുത്തി 80.37 കോടി രൂപയുടെ മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 30 ജെട്ടി/ടെർമിനലുകൾ, മറ്റ് അനുബന്ധ ഘടകങ്ങൾക്കുമാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. പദ്ധതി നിർവഹണ ഏജൻസിയായി ഉൾനാടൻ ജലഗതാഗത വകുപ്പിനെയും മറ്റ് പ്രവൃത്തികൾ KEL നെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. KEL നെ ചുമതലപ്പെടുത്തിയ പദ്ധതി പ്രവൃത്തികളിൽ മലപ്പട്ടം മുനമ്പുകടവ് പ്രദേശത്ത് വാക്ക് വേ, ഫുഡ് കോർട്ട്, ടോയലറ്റ് ബ്ലോക്ക്, ആർട്ടിസാൻസ് ആല എന്നിവയുടെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. മറ്റ് പ്രവർത്തികൾ CRZ അനുമതിക്ക് വിധേയമായി ചെയ്യേണ്ടുന്നതിനാൽ പ്രവർത്തി ആരംഭിച്ചിട്ടില്ല. (പദ്ധതിയ്ക്ക് ആവശ്യമായ CRZ ക്ലിയറൻസിനു വേണ്ടി അപേക്ഷിക്കുന്നതിനായി കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനെ (KSINC) ടൂറിസം വകുപ്പ് ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ KCZMA യിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്) ഇൻലാന്റ് നാവിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയ ജെട്ടികളുടെ പ്രവൃത്തി പുരോഗതി താഴെ പറയും പ്രകാരമാണ്. 1. മൈനർ ബോട്ട് ടെർമിനൽ മടക്കര - 50% പ്രവൃത്തി പൂർത്തീകരിച്ചു 2. അഴീക്കൽ ഫെറി ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല 3. അഴീക്കൽ ബോട്ട് പാലം ബോട്ട് ജെട്ടി - 70% പ്രവൃത്തി പൂർത്തീകരിച്ചു 4. പാമ്പുരുത്തി ബോട്ട് ജെട്ടി (Type I) - പ്രവൃത്തി ആരംഭിച്ചിട്ടില്ല 5. പാമ്പുരുത്തി ബോട്ട് ജെട്ടി (Type II) - പ്രവൃത്തി ആരംഭിച്ചിട്ടില്ല 6. മുനമ്പുകടവ് ബോട്ട് ജെട്ടി (Type I) - 55% പ്രവൃത്തി പൂർത്തീകരിച്ചു 7. മുനമ്പുകടവ് ബോട്ട് ജെട്ടി (Type II) - 55% പ്രവൃത്തി പൂർത്തീകരിച്ചു 8. പട്ടുവം മേജർ ബോട്ട് ടെർമിനൽ - 74% പ്രവൃത്തി പൂർത്തീകരിച്ചു 9. കുപ്പം മേജർ ബോട്ട് ടെർമിനൽ - 74% പ്രവൃത്തി പൂർത്തീകരിച്ചു 10. നാറാത്ത് ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല 11. വളപട്ടണം മേജർ ബോട്ട് ടെർമിനൽ - 50% പ്രവൃത്തി പൂർത്തീകരിച്ചു 12. മുതുകുട ബോട്ട് ജെട്ടി - 65% പ്രവൃത്തി പൂർത്തീകരിച്ചു

| | | | |
|---|---|---|---|
| | | | 13. പാപ്പിനിശ്ശേരി ബോട്ട് ജെട്ടി - 38% പ്രവൃത്തി പൂർത്തീകരിച്ചു 14. തെക്കുമ്പാട് മേജർ ബോട്ട് ടെർമിനൽ - 70% പ്രവൃത്തി പൂർത്തീകരിച്ചു 15. പാപ്പിനിശ്ശേരി പാറക്കൽ ബോട്ട് ജെട്ടി - 50% പ്രവൃത്തി പൂർത്തീകരിച്ചു 16. കാട്ടാമ്പള്ളിക്കടവ് ബോട്ട് ജെട്ടി - പ്രാരംഭ പ്രവർത്തികൾ പുരോഗമിക്കുന്നു 17. താവം ബോട്ട് ജെട്ടി - 50% പ്രവൃത്തി പൂർത്തീകരിച്ചു 18. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ സൗത്ത് - 40% പ്രവൃത്തി പൂർത്തീകരിച്ചു 19. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ നോർത്ത് - 72% പ്രവൃത്തി പൂർത്തീകരിച്ചു 20. മൈനർ ബോട്ട് ടെർമിനൽ വാടിക്കൽ - 72% പ്രവൃത്തി പൂർത്തീകരിച്ചു 21. മൈനർ ബോട്ട് ടെർമിനൽ ചെറുകുന്ന് - 78% പ്രവൃത്തി പൂർത്തീകരിച്ചു 22. മൈനർ ബോട്ട് ടെർമിനൽ മുട്ടിൽ - പൈലിങ്ങിനുള്ള പ്രാരംഭ പ്രവൃത്തി പുരോഗമിക്കുന്നു. കൂടാതെ എ കെ ജി ഐലന്റ് ബോട്ട് ജെട്ടി (2 Nos), സി എച്ച് ഐലന്റ് ബോട്ട് ജെട്ടി (2 Nos), കൊളച്ചേരി ഐലന്റ് ബോട്ട് ജെട്ടി (2 Nos), ഭഗത് സിങ് ഐലന്റ് ബോട്ട് ജെട്ടി (2 Nos) - ടെക്ക്നിക്കൽ സാങ്ക്ഷൻ ലഭ്യമാകേണ്ടതുണ്ട്. (ഐലന്റുകളിൽ കോൺക്രീറ്റ് ജെട്ടി നിർമ്മാണം പ്രയോഗികമല്ലാത്തതിനാൽ ബദൽ രീതി നടപ്പിലാക്കാക്കുന്നതിനുള്ള സാധ്യത ഇൻലാന്റ് നാവിഗേഷൻ പരിശോധിച്ചുവരികയാണ്) |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | പയ്യന്നൂർ മണ്ഡലത്തിൽ പെട്ടന്ന മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് (സംസ്ഥാന പദ്ധതി) പ്രവൃത്തികൾ താഴെ പറയുന്നവയാണ്. 1. പുന്നക്കടവ് ബോട്ട് ജെട്ടി - 90% പ്രവൃത്തി പൂർത്തീകരിച്ചു. പ്രവൃത്തി ഫിനിഷിങ് സ്റ്റേജിലാണ്. പദ്ധതി 2021 നവംബർ മാസത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു 2.. കവ്വായി കാലികടപ്പുറം ബോട്ട് ടെർമിനൽ - 86% പ്രവൃത്തി പൂർത്തീകരിച്ചു. ടെർമിനൽ റൂഫിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. പദ്ധതി 2021 ഡിസംബർ മാസത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്യുന്നത് എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | 1. പുന്നക്കടവ് ബോട്ട് ജെട്ടി - ബോട്ട് ജെട്ടി, സോളാർ വിളക്കുകൾ, ഇരിപ്പിടങ്ങൾ, ഇന്റർലോക്ക് പേവിങ് എന്നിവയാണ് പദ്ധതി ഘടകങ്ങൾ 2. കവ്വായി കാലികടപ്പുറം ബോട്ട് ടെർമിനൽ - ബോട്ട് ടെർമിനൽ കം വാക്ക് വേ, സോളാർ വിളക്കുകൾ, ഇരിപ്പിടങ്ങൾ, ഇന്റർലോക്ക് പേവിങ് എന്നിവയാണ് പദ്ധതി ഘടകങ്ങൾ. |

സെക്ഷൻ ഓഫീസർ